**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4024** **09-08-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 1980 കളിൽ നിർമ്മിതമായ ഒരു നില കെട്ടിടത്തിന്റെ മുകളിൽ ജി.ഐ ഷീറ്റ് റൂഫിംഗ് ചെയ്ത് പാർട്ടീഷൻ ചെയ്താണ് അങ്കമാലി റോഡ്സ് സെക്ഷൻ കാര്യാലയം പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ 2015-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട അങ്കമാലി സിവിൽ സ്റ്റേഷന്റെ കെട്ടിടത്തിൽ ഈ കാര്യാലയം കൂടി പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ കാര്യാലയം നാളിതുവരെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടില്ല. 2019 ലെ ശക്തമായ കാറ്റത്തും മഴയത്തും ഷീറ്റ് റൂഫിംഗിനും ചുറ്റുമതിലിനും സാരമായ നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് യഥാസമയം അറ്റകുറ്റ പണികൾ നടത്തി ഇവ പരിഹരിച്ചിട്ടുണ്ട്. ടി കാര്യാലയം പ്രവർത്തിക്കുന്നതിന് വിഘാതമായി നിലവിൽ ചോർച്ചയോ മറ്റ ശോചനീയാവസ്ഥയോ ഇല്ലാത്തതുമാണ്. കൂടാതെ പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മരക്കൊമ്പുകൾ വെട്ടുകയും ചോർച്ച മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസ് കെട്ടിടം ചോർന്നൊലിച്ച് ഉപയോഗശൂന്യമായ അവസ്ഥയിലും ഷീറ്റിട്ട കെട്ടിടത്തിന്റെ മുകളിലൂടെ മരക്കൊമ്പുകൾ വീണ് അപകടാവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. 1980 കളിൽ നിർമ്മിതമായ ഒരു നില കെട്ടിടത്തിന്റെ മുകളിൽ ജി.ഐ ഷീറ്റ് റൂഫിംഗ് ചെയ്ത് പാർട്ടീഷൻ ചെയ്താണ് അങ്കമാലി റോഡ്സ് സെക്ഷൻ കാര്യാലയം പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ 2015-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട അങ്കമാലി സിവിൽ സ്റ്റേഷന്റെ കെട്ടിടത്തിൽ ഈ കാര്യാലയം കൂടി പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ കാര്യാലയം നാളിതുവരെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടില്ല. 2019 ലെ ശക്തമായ കാറ്റത്തും മഴയത്തും ഷീറ്റ് റൂഫിംഗിനും ചുറ്റുമതിലിനും സാരമായ നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് യഥാസമയം അറ്റകുറ്റ പണികൾ നടത്തി ഇവ പരിഹരിച്ചിട്ടുണ്ട്. ടി കാര്യാലയം പ്രവർത്തിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | വിഘാതമായി നിലവിൽ ചോർച്ചയോ മറ്റു ശോചനീയാവസ്ഥയോ ഇല്ലാത്തതുമാണ്. കൂടാതെ പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മരക്കൊമ്പുകൾ വെട്ടുകയും ചോർച്ച മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (സി) | അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി ഓഫീസ് പൊളിച്ചു പണിയുന്നതിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തി നൽകുന്നതിന് ഭരണാനുമതി നൽകുമോ; വിശദീകരിക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ